നം: 3666/പി1/2014/ഡി.എച്ച്

ഹോമിയോപ്പതി ഡയറക്ടറാഫീസ്
തിരുവനന്തപുരം തീയതി 9/7/2014

ഹോമിയോപ്പതി ഡയറക്ടർ

എല്ലാ ജില്ലാ മെഡിക്കലാഫീസർമാർ /
ആശുപത്രി സൂപ്രണ്ടുമാർ

സർ,

വിഷയം:- ഹോമിയോപ്പതി വകുപ്പ് - പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) - വാർഷിക പദ്ധതി നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ അയച്ചു തരുന്നത് സംബന്ധിച്ച്

സൂചന:- 08.07.2014 ലെ ഡി.എം.ഒ യോഗത്തിന്റെ മിനിറ്റ്സ്

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ( 2012-17) പ്രകാരം ആരംഭിച്ച തുടർ പദ്ധതികളിൽ 2014-15 മുതൽ പദ്ധതികളിൽ നിയോഗിക്കപ്പെട്ടിരുന്ന താൽക്കാലിക ജീവനക്കാരുടെ നിയമനത്തിൽ ചില നിയന്ത്രണങ്ങൾ സർക്കാർ ഏർപ്പടുത്തിയതിനാൽ, അതനുസരിച്ച് ഭേദഗതികളോടെ പരിഷ്കരിച്ച് തയ്യാറാക്കിയ വാർഷിക പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദമായ (8.7.2014 ലെ ജില്ലാ മെഡിക്കലാഫീസർമാരുടെ യോഗത്തിൽ ചർച്ച ചെയ്ത് അംഗീകരിക്കപ്പെട്ട) മാർഗ്ഗരേഖ ഇതോടൊപ്പം അയയ്ക്കുന്നു. ഈ വർഷം മുതൽ പന്ത്രണ്ടാം പദ്ധതി പ്രകാരം തുടർ വർഷങ്ങളിലും പദ്ധതി നടത്തിപ്പിന് (മറ്റു ഭേദഗതികൾ ഒന്നും ഇല്ലെങ്കിൽ) ഈ മാർഗ്ഗരേഖ ഉപയോഗിക്കാവുന്നതാണ്. ആശുപത്രി സൂപ്രണ്ടുമാരുടെയും മെഡിക്കൽ ആഫീസർമാരുടെയും പ്ലാൻ മോണിറ്ററിംഗ് കമ്മിറ്റിയുടെയും സംയുക്ത യോഗത്തിൽ മാർഗ്ഗരേഖ വായിച്ച് ചർച്ച ചെയ്ത് അതനുസരിച്ച് പദ്ധതികൾ സമയബന്ധിതമായും കാര്യക്ഷമമായും നിർവ്വഹിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

Jamal

ഡയറക്ടർ

ഉള്ളടക്കം: പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി - ഹോമിയോപ്പതി വകുപ്പ് - വാർഷിക പദ്ധതി നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ

പി.എസ്

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി
വാർഷിക  പദ്ധതി നടത്തിപ്പ്സംബന്ധിച്ച മാർഗ്ഗരേഖ

# ഹോമിയോപ്പതി വകുപ്പ്

# ഹോമിയോപ്പതി വകുപ്പ്
# പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി
# വാർഷിക  പദ്ധതി നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ

## I. ഹോമിയോ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും നിലവാരവൽക്കരണം

നിലവിലുള്ള ഹോമിയോപ്പതി ആശുപത്രികളിലെയും ഡിസ്പെൻസറികളിലെയും ഭൗതിക, ആതുര സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി ആരോഗ്യ പരിചരണ സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തി ഹോമിയോപ്പതി ആതുരാലയങ്ങളെ നിലവാരവൽക്കരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.  ഈ പദ്ധതിയുടെ ഭാഗമായ പ്രധാന ഘടക പദ്ധതികൾ താഴെ പറയുന്നവയാണ്.

### (1) ജില്ലയിലെ മികച്ച ഒരു ഡിസ്പെൻസറിയെ മാതൃകാ ഡിസ്പെൻസറിയായി മെച്ചപ്പെടുത്തൽ

- കൂടുതൽ ഒ.പി കേസുകൾ ഉള്ളതും നല്ല രീതിയിൽ പ്രവർത്തിക്കുന്നതും തസ്തികയൊന്നും ഒഴിഞ്ഞുകിടക്കാത്തതും സ്വന്തമായി കെട്ടിടവും സ്ഥലവുമുള്ള സ്ഥാപനത്തിനെയാവണം മോഡൽ ഡിസ്പെൻസറിയായി ഉയർത്താൻ മുൻഗണന നൽകേണ്ടത്.
- രോഗികൾക്ക് പ്രയോജനപ്രദങ്ങളായ ഇരിപ്പിട സൗകര്യം, ശുദ്ധജലം ലഭ്യമാക്കൽ, ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തൽ, ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, വികലാംഗർക്ക് ഉപയോഗിക്കാവുന്ന തരത്തിൽ പ്രാഥമിക സൗകര്യങ്ങൾ (ടോയ്ലറ്റ്), അടിയന്തിര സാഹചര്യങ്ങളിൽ വിശ്രമിക്കുവാനുള്ള സൗകര്യം, മുലയൂട്ടുന്ന അമ്മമാർക്കുള്ള പ്രത്യേക സൗകര്യം തുടങ്ങിയവ മാതൃകാ ഡിസ്പെൻസറികളിലെ ആവശ്യകത അനുസരിച്ച്  ഏർപ്പെടുത്താവുന്നതാണ്.
- മാതൃകാ ഡിസ്പെൻസറിയാക്കപ്പെടുന്ന സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ (മൈനർ വർക്സ്) ഉണ്ടെങ്കിൽ ആയതിന്റെ ചെലവ് പദ്ധതി വിഹിതത്തിന്റെ മൂന്നിലൊന്നിൽ കൂടരുത്.

- മാതൃകാ ഡിസ്പെൻസറികളിൽ അവശ്യ മരുന്നുകൾ (എസൻഷ്യൽ മെഡിസിൻ) ഉൾപ്പെടെ എല്ലാവിധ മരുന്നുകളും, ഹൈപൊട്ടൻസി മരുന്നുകളും (50- മില്ലിസ്മെൽ പൊട്ടൻസി) ഉണ്ടായിരിക്കേണ്ടതുമാണ്.
- മാതൃകാ ഡിസ്പെൻസറികളിൽ പ്രവർത്തന സമയം, ലഭ്യമാകുന്ന സേവനങ്ങൾ എന്നിവ രേഖപ്പെടുത്തി പ്രദർശിപ്പിക്കേണ്ടതും, പഞ്ചായത്തിന്റെ പേരുൾപ്പെടെ സർക്കാർ മാതൃകാ ഹോമിയോ ഡിസ്പെൻസറി എന്ന ബോർഡ് സ്ഥാപിക്കേണ്ടതുമാണ്.
- സ്ഥാപനവുമായി ബന്ധപ്പെട്ട മറ്റ് സൂചന ബോർഡുകൾ (ഫാർമസി,പരിശോധനാ മുറി, രജിസ്ട്രേഷൻ, വെയിറ്റിംഗ് റൂം, സ്റ്റോർ എന്നിങ്ങനെയുള്ളവ) സ്ഥാപിക്കേണ്ടതുമാണ്.
- മാതൃകാ ഡിസ്പെൻസറിയിലെ ജീവനക്കാർ പേരും തസ്തികയും പ്രദർശിപ്പിക്കുന്ന ഐ.ഡി കാർഡ് ധരിക്കേണ്ടതാണ്.
- മാതൃകാ ഡിസ്പെൻസറികളിൽ മതിയായ പ്രാഥമിക ശുശ്രൂഷ, സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്.
- ഫാർമസി സൗകര്യം ആധുനിക നിലവാരത്തിൽ താഴെ പറയും പ്രകാരം നവീകരിക്കേണ്ടതാണ്.

- മരുന്നിന്റെ പേര്, പൊട്ടൻസി എന്നിവ വ്യക്തമായി പ്രദർശിപ്പിക്കുന്ന ബോട്ടിലുകൾ തരംതിരിച്ച് കൃത്യമായി സ്റ്റോർ ചെയ്യേണ്ടതാണ്.
- ബയോ കെമിക്ക് മരുന്നുകൾ പ്രത്യേകമായി സ്റ്റോർ ചെയ്യേണ്ടതാണ്.
- എയർ ടൈറ്റ് കണ്ടെയ്നറുകൾ, ഡിസ്പെൻസിംഗ് ബോട്ടിലുകൾ, വയൽസ് എന്നിവ മരുന്ന് സ്റ്റോർ ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും ഉപയോഗിക്കുക.
- ഡ്രോപ്പർ ബോട്ടിലുകൾ ഉപയോഗിക്കുക.
- മരുന്നുകൾ നേർപ്പിക്കുന്നതിന് ശുദ്ധജലം ഉപയോഗിക്കുക.
- മരുന്നുകൾ പൊതിയുന്നതിന് ലേബൽ ചെയ്ത ബ്രൗൺ പേപ്പർ കവർ ഉപയോഗിക്കുക.
- മരുന്നുകൾ വിതരണം ചെയ്യുന്നതിന് മാതൃകാ ഡിസ്പെൻസറികളുടെ പേരെഴുതിയ ചെറിയ പേപ്പർ ബാഗുകൾ ഉപയോഗിക്കുക.
- മാലിന്യ നിർമ്മാർജ്ജന സംവിധാനം ഒരുക്കുക.

- ഡിസ്പെൻസറിയും പരിസരവും വൃത്തിയായി പരിപാലിക്കുക.
- കഴിവതും പ്ലാസ്റ്റിക് വസ്തുക്കൾ ഔഷധ വിതരണത്തിന് ഉപയോഗിക്കാതിരിക്കുക.
- മാതൃകാ ഡിസ്പെൻസറിയാക്കപ്പെടുന്ന സ്ഥാപനങ്ങളുടെ ആതുര സേവനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ക്രിയാത്മകമായ കാര്യങ്ങൾ പദ്ധതി വിഹിതത്തിനുള്ളിൽ നിന്നുകൊണ്ട് ഭരണാനുമതി ഉത്തരവിന് വിധേയമായി നിർവ്വഹിക്കാവുന്നതാണ്.
- ജില്ലയിൽ മാതൃകാ ഡിസ്പെൻസറിയാക്കപ്പെടുന്ന സ്ഥാപനം നിലനിൽക്കുന്ന നിയോജകമണ്ഡലത്തിലെ എം.എൽ.എ യെ വിവരം അറിയിക്കേണ്ടതാണ്.

## (2) നിലവിലുള്ള മാതൃകാ ഡിസ്പെൻസറികൾ കൂടുതൽ മെച്ചപ്പെടുത്തി നിലനിർത്തൽ

- കഴിഞ്ഞ വർഷങ്ങളിൽ മാതൃകാ ഡിസ്പെൻസറിയാക്കപ്പെട്ട സ്ഥാപനങ്ങളുടെ ഗുണകരമായ മെച്ചപ്പെട്ട തുടർ പ്രവർത്തനങ്ങൾക്ക് പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്.

## (3) പെരിഫറൽ ഒ.പി

ഹോമിയോപ്പതി വൈദ്യസഹായം കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ (പെരിഫറൽ ഒ.പി സെന്ററിനു വേണ്ടിയുള്ള കെട്ടിട ഭൗതിക സൗകര്യങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കേണ്ടതാണ്) സർക്കാർ അനുമതി പ്രകാരം ആരംഭിക്കുന്ന പെരിഫറൽ ഒ.പി സെന്ററുകളിൽ ആതുര സേവന സൗകര്യം ഒരുക്കുകയാണ് ഈ ഘടക പദ്ധതിയുടെ ലക്ഷ്യം. ഇതിനകം ജില്ലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും, സർക്കാർ അനുമതിക്കായി കാത്തിരിക്കുന്നതുമായ പെരിഫറൽ ഒ.പി സെന്ററുകളിൽ താഴെ പറയുന്ന ആതുര സേവനം ഒരുക്കുന്നതിന് പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്.

- പെരിഫറൽ ഒ.പി സെന്റർ ക്ലിനിക് സ്ഥാപിക്കുന്നതിനാവശ്യമായ സാധന സാമഗ്രികൾ, സൺട്രീസ് തുടങ്ങിയവ.
- അവശ്യം വേണ്ട ക്ലിനിക്കൽ എക്യൂപ്മെന്റസ്, മെഡിസിൻ, ഫർണിച്ചർ
- അടിയന്തരിമായി വേണ്ടി വരുന്ന അടിസ്ഥാന സൗകര്യ ക്രമീകരണം

## (4) ആശുപത്രിയിൽ ക്ലിനിക്കൽ ലാബ് സ്ഥാപിക്കൽ

തന്നിരിക്കുന്ന പദ്ധതി വിഹിതം വിനിയോഗിച്ചുകൊണ്ട് ആശുപത്രിയിൽ ഒരു ക്ലിനിക്കൽ ലാബ് സജ്ജീകരിക്കേണ്ടതാണ്. ക്ലിനിക്കൽ ലാബ് തുടരുന്നതിനാവശ്യമായ

അടിസ്ഥാന സൗകര്യം ഒരുക്കൽ, ലാബ് ഉപകരണങ്ങൾ, ക്ലിനിക്കൽ റീ-ഏജന്റ്സ് മറ്റ് സാധന സാമഗ്രികൾ എന്നിവ വാങ്ങുന്നതിന് തുക വിനിയോഗിക്കാവുന്നതാണ്.

എല്ലാ പർച്ചേസും സ്റ്റോർ പർച്ചേസ് റൂൾസിന് വിധേയമായിരിക്കണം. ആശുപത്രിയിലെ എച്ച്.എം.സി യുമായും പ്ലാൻ മോണിറ്ററിംഗ് കമ്മിറ്റിയുമായി കൂടിയാലോചിച്ച് ലാബ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലാബ് തുടങ്ങിയാൽ ആശുപത്രിയിലെ എച്ച്.എം.സി ഫണ്ട് വിനിയോഗിച്ചുകൊണ്ട് താൽക്കാലികമായി ലാബ് ടെക്നീഷ്യനെ നിയോഗിച്ച് ലാബ് പ്രവർത്തിപ്പിക്കേണ്ടതുമാണ്.

## ഇൻഫർമേഷൻ-എഡ്യൂക്കേഷൻ - കമ്മ്യൂണിക്കേഷൻ(ഐ.ഇ.സി) ആക്റ്റിവിറ്റീസ് / ഐ.ഇ.സി പ്രവർത്തനങ്ങൾ

- ശീർഷകം സൂചിപ്പിക്കുന്നതുപോലെ പൊതുജനങ്ങളുടെയും രോഗികളുടെയും അറിവിനും, ബോധവൽക്കരണത്തിനും അവരുമായി സംവദിക്കുന്നതിനും ഈ ഘടക പദ്ധതിക്ക് അനുവദിക്കപ്പെട്ടിട്ടുള്ള പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്.
- ഓരോ ഹോമിയോ ആശുപത്രിയിലും ഡിസ്പെൻസറിയിലും നൽകി വരുന്ന ആതുര സേവനങ്ങളെക്കുറിച്ചും വിവിധ പദ്ധതി പ്രകാരം നൽകി വരുന്ന പ്രത്യേക സേവനങ്ങളെക്കുറിച്ചും പൊതുജനങ്ങളെ അറിയിക്കുന്ന ബോർഡുകൾ സ്ഥാപിക്കൽ, ലഘുലേഖകൾ, നോട്ടീസുകൾ വിതരണം ചെയ്യൽ തുടങ്ങിയവ.
- ഓരോ സ്ഥാപനം വഴി നടത്തപ്പെടുന്ന ആരോഗ്യ സേവന പദ്ധതി പ്രചരണത്തിനുള്ള ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ സംഘടിപ്പിക്കൽ.

- ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കൽ, അനാഥാലയങ്ങളിലെയും വൃദ്ധസദനങ്ങളിലെയും രോഗികളെ നേരിൽ സന്ദർശിച്ച് ആതുര സേവനം നൽകൽ തുടങ്ങിയവ.

- മേൽ പരാമർശിച്ച പ്രകാരം ഐ.ഇ.സി പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുവദിക്കപ്പെട്ടിട്ടുള്ള തുക ഓരോ ജില്ലയിലെയും സ്ഥാപനങ്ങളുടെ എണ്ണത്തിന് ആനുപാതികമായി കണക്കാക്കി വിതരണം ചെയ്യുന്നതാണ്.

## II. ഹോമിയോപ്പതി വകുപ്പിന്റെ കംപ്യൂട്ടർവൽക്കരണം / ആധുനികവൽക്കരണം

ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വേഗതയും കൃത്യതയും കൈവരിക്കുന്നതിന് ഹോമിയോപ്പതി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ സമ്പൂർണ്ണ കംപ്യൂട്ടർവൽക്കരണവും കാലികമായ നവീകരണവുമാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ഹോമിയോപ്പതി സ്ഥാപനങ്ങളിൽ ഘട്ടം ഘട്ടമായുള്ള കംപ്യൂട്ടൽ വൽക്കരണം, സോഫ്‌വെയർ ഡെവലപ്മെന്റ്, ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം എല്ലാ സ്ഥാപനങ്ങളിലും നടപ്പാക്കൽ, ഇ-ഗവേണൻസ്, ഹോമിയോപ്പതി സ്ഥാപനങ്ങളുടെ ആധുനിക വൽക്കരണം, സ്വന്തമായി വാഹനങ്ങൾ ഇല്ലാത്ത ആശുപത്രികളിലും ജില്ലാ ആഫിസുകളിലും കരാറടിസ്ഥാനത്തിൽ വാഹനം ലഭ്യമാക്കൽ തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ ആവിഷ്കരിക്കപ്പെടുന്ന പ്രധാന കാര്യങ്ങൾ.

## III. തുടർ മെഡിക്കൽ വിദ്യാഭ്യാസവും പരിശീലനവും

വൈദ്യശാസ്ത്ര മേഖലയിലും ആരോഗ്യ സേവനരംഗത്തുമുള്ള പുത്തൻ അറിവുകളും കണ്ടെത്തലുകളും സാധ്യതകളും കാലികമായ പുരോഗതിയും ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന മെഡിക്കൽ- പാരാമെഡിക്കൽ ജീവനക്കാർക്ക് തുടർ മെഡിക്കൽ വിദ്യാഭ്യാസ പരിശീലനത്തിലൂടെ പരിചയപ്പെടുത്തി ആരോഗ്യ പരിചരണ സേവനം കൂടുതൽ ഗുണകരമായി മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം.

- ഇതിനായി സംസ്ഥാന/ജില്ലാ തലത്തിൽ എല്ലാ മെഡിക്കൽ പാരാമെഡിക്കൽ കാറ്റഗറിയിലുമുള്ള ജീവനക്കാർക്കും തുടർ മെഡിക്കൽ വിദ്യാഭ്യാസ പരിശീലനം നൽകേണ്ടതാണ്.

- തുടർ മെഡിക്കൽ വിദ്യാഭ്യാസ പരിശീലനത്തിന്റെ വാർഷിക കലണ്ടർ ജില്ലകളിൽ മുൻകൂട്ടി തയ്യാറാക്കി ജില്ലാ പ്ലാൻ മോണിറ്ററിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്.
- തുടർ മെഡിക്കൽ വിദ്യാഭ്യാസ പരിശീലനത്തിന്റെ ഗുണഭോക്താക്കളുടെയും ഫാക്കൽറ്റിയുടെയും ഫീഡ്ബാക്ക് സമാഹരിച്ച് ആയതിന്റെ വിശദമായ റിപ്പോർട്ട് ഡയറക്ടറേറ്റിലേക്ക് അയച്ചു തരേണ്ടതുമാണ്.

- തുടർ മെഡിക്കൽ വിദ്യാഭ്യാസ പരിശീലനത്തിന് പുറമെ ഐ.ഇ.സി പ്രവർത്തനങ്ങളും ഈ പദ്ധതിക്ക് കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഐ.ഇ.സി യുടെ ഭാഗമായി ജില്ലയിൽ ഉടലെടുക്കുന്ന വിവിധ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും അവ പ്രതിരോധിക്കുന്നതിനുമുള്ള വിവിധോദ്ദേശ്യ ബോധവൽക്കരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുമാണ്.

## IV. വിമൻ ഹെൽത്ത് കെയർ സെന്റർ (സീതാലയം) (ഉപഘടകങ്ങൾ - വന്ധ്യതാ നിവാരണ ക്ലിനിക്ക്, ലഹരി വിമുക്ത ക്ലിനിക്ക്)

സ്ത്രീകളുടെ ആരോഗ്യം, സന്തോഷം, സാമൂഹ്യ സുരക്ഷ, സമത്വം എന്നിവ ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ 2010-11 മുതൽ ഹോമിയോപ്പതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സീതാലയം. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് ജില്ലകളിലെ പ്രധാനപ്പെട്ട ഹോമിയോ ആശുപത്രികളോട് അനുബന്ധമായി ആരംഭിച്ച കേന്ദ്രങ്ങൾ പിന്നീട് അധിക കേന്ദ്ര ധനസഹായത്തോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആരംഭിച്ചു. 2014-15 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തെ എല്ലാ ഹോമിയോ ആശുപത്രികളിലും ഡിസ്പെൻസറികളിലും സീതാലയം പദ്ധതിയുടെ സേവനം ലഭ്യമാക്കിയിരിക്കുന്നു.

സീതാലയം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചും പ്രവർത്തന ത്തെക്കുറിച്ചും വിശദമായി പ്രതിപാദിക്കുന്ന ലഘുപുസ്തകവും, ലഘുലേഖകളും, നോട്ടീസുകളും 2011 ൽ പ്രസിദ്ധീകരിച്ച് വിതരണം ചെയ്തിട്ടുള്ളതിനാൽ ഈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് പ്രത്യേകമായി മാർഗ്ഗരേഖ നൽകുന്നില്ല.

സീതാലയം പദ്ധതി ആരംഭിച്ചത് മുതൽ പ്രസ്തുത സെന്ററുകളിലേക്കുള്ള മെഡിക്കൽ പാരാമെഡിക്കൽ ജീവനക്കാരെ മാസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി നിയോഗിച്ചു വരികയായിരുന്നു. എന്നാൽ ഇപ്രകാരം തുടർച്ചയായി പദ്ധതി വിഹിതത്തിന്റെ നല്ലൊരു പങ്ക് ഇത്തരം പദ്ധതികളിൽ പ്രവർത്തിക്കുന്ന താൽക്കാലിക ജീവനക്കാരുടെ വേതനത്തിന് വിനിയോഗിക്കാനാവില്ലെന്നും അനിവാര്യമായി പുറത്ത് നിന്നും നിയോഗിക്കേണ്ട അവശ്യ തസ്തികകളൊഴികെ മറ്റ് ഹോമിയോ മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരെ ഇനി മുതൽ തനത് വകുപ്പിൽ നിന്നും പരിശീലനം നൽകി നിയോഗിക്കേണ്ടതാണെന്നും വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി അഭിപ്രായപ്പെടുകയും പ്രസ്തുത അഭിപ്രായം വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ രേഖപ്പെടുത്തുകയും 2013-14 ഭരണാനുമതി ഉത്തരവിൽ ഇത് പ്രത്യേകമായി നിഷ്കർഷിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2014-15 മുതൽ താഴെ പറയുന്ന ചില ഭേദഗതികളോടെ ഭരണാനുമതി ഉത്തരവിന് വിധേയമായി സീതാലയം പദ്ധതി നടപ്പിലാക്കേണ്ടതാണ്.

- 2014-15 മുതൽ ചേതന (പെയിൻ & പാലിയേറ്റീവ് കെയർ സെന്റർ - വണ്ടൂർ, മലപ്പുറം) ഒഴികെയുള്ള എല്ലാ ജില്ലാ - താലൂക്ക് ഹോമിയോ ആശുപത്രികളിലും ഡിസ്പെൻസറികളിലും സീതാലയം പദ്ധതിയുടെ സേവനം ലഭ്യമാക്കേണ്ടതാണ്.

- എല്ലാ ഹോമിയോ ഡിസ്പെൻസറികളിലും വ്യാഴാഴ്ച ദിവസങ്ങളിൽ നിശ്ചിത സമയം (12noon - 3pm) സീതാലയം പദ്ധതിയ്ക്കായി നീക്കി വെക്കേണ്ടതും ആ ദിവസങ്ങളിൽ സീതാലയം രോഗികൾക്ക് മുൻഗണന നൽകേണ്ടതുമാണ്. സീതാലയം പദ്ധതിയുടെ സേവനം തേടി വരുന്ന രോഗികൾക്ക് പ്രസ്തുത ദിവസം ഒ.പിയിൽ ഡോക്ടറെ കാണാൻ മുൻകൂർ രജിസ്റ്റർ ചെയ്യാവുന്നതാണ്. പദ്ധതിയുടെ സേവനം നൽകപ്പെടുന്ന ദിവസം സീതാലയം രോഗികൾക്ക് മുൻഗണന നൽകിയ ശേഷം മാത്രം - അടിയന്തര ഘട്ടങ്ങളൊഴികെ - മറ്റ് രോഗികളെ പരിശോധിച്ചാൽ മതിയാകും. സീതാലയം പദ്ധതിയുടെ സേവനം നൽകപ്പെടുന്ന ദിവസവും സമയവും സ്ഥാപനത്തിന് പുറത്ത് വ്യക്തമായി പ്രദർശിപ്പിച്ചിരിക്കണം. ഇതിനായി ഐ.ഇ.സി പ്രവർത്തനങ്ങൾക്ക് നൽകപ്പെട്ട തുക വിനിയോഗിക്കാവുന്നതാണ്.

- എല്ലാ താലൂക്ക് ഹോമിയോ ആശുപത്രികളിലും (ജില്ലാ ഹോമിയോ ആശുപത്രികളും ചേതനയും ഒഴികെയുള്ള സർക്കാർ ഹോമിയോ ആശുപത്രികൾ) രണ്ടാഴ്ചയിൽ ഒരിക്കൽ (തിങ്കൾ, ചൊവ്വ, ബുധൻ തുടങ്ങിയ ഏതെങ്കിലും ദിവസങ്ങളിൽ) സീതാലയം പദ്ധതിക്കായി നീക്കി വെയ്ക്കേണ്ടതും, പ്രസ്തുത ദിവസങ്ങളിൽ സ്ഥാപനത്തിലെ മെഡിക്കൽ ആഫീസറുടെ സേവനം കൂടാതെ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം കൂടി ലഭ്യമാക്കേണ്ടതുമാണ്. സ്ഥാപനത്തിൽ നേരിട്ട് സേവനം തേടി വരുന്ന സീതാലയം രോഗികൾക്ക് പുറമെ അടുത്തുള്ള ഹോമിയോ ഡിസ്പെൻസികളിൽ നിന്നും റെഫർ ചെയ്യപ്പെടുന്ന സീതാലയം രോഗികളെയും സദ്ഗമയ പദ്ധതി പ്രകാരം കൗൺസലിംഗ് ആവശ്യമുള്ള കുട്ടികളെയും മറ്റ് രോഗികളെയും മെഡിക്കൽ ആഫീസറും സൈക്കോളജിസ്റ്റും പരിശോധിച്ച് ആവശ്യമായ ചികിൽസയും സേവനവും നൽകേണ്ടതാണ്. സീതാലയം പദ്ധതിയുടെ സേവനം നൽകപ്പെടുന്ന ദിവസവും സമയവും സ്ഥാപനത്തിന് പുറത്ത് വ്യക്തമായി പ്രദർശിപ്പിച്ചിരിക്കണം. ഇതിനായി ഐ.ഇ.സി പ്രവർത്തനങ്ങൾക്കായി തന്നിട്ടുള്ള തുക വിനിയോഗിക്കാവുന്നതാണ്. ആ ദിവസങ്ങളിൽ ആർ.എം.ഒ. ഒ.പി യിലെ രോഗികളെ പരിശോധിക്കേണ്ടതാണ്.

- എല്ലാ ജില്ലാ ഹോമിയോ .ആശുപത്രികളിലെയും (പത്തനംതിട്ട ജില്ലാ ഹോമിയോ ആശുപത്രി നിലവിൽ പ്രവർത്തിക്കാത്തതിനാൽ പകരം സീതാലയം പദ്ധതിയുടെ സേവനം നൽകി വരുന്ന പന്തളം ഹോമിയോ ഡിസ്പെൻസറിയിലെയും) സീതാലയം യൂണിറ്റുകളിലേക്ക് സമീപത്തെ ആശുപത്രികളിലെ/ഡിസ്പെൻസികളിലെ പരിശീലനം ലഭിച്ച ആറ് മെഡിക്കലാഫീസർമാരെ ആഴ്ചയിൽ ആറ് ദിവസങ്ങളിലേക്ക് (അടുത്തുള്ള ഹോമിയോ ആശുപത്രി/ ഡിസ്പെൻസറിയിലെ ഒരു മെഡിക്കൽ ആഫീസർ നിശ്ചിത ദിവസം ആഴ്ചയിലൊരിക്കൽ വീതം ആവർത്തിതമായി) പദ്ധതിയുടെ സേവന പ്രവർത്തനത്തിനായി നിയോഗിക്കേണ്ടതാണ്. ആറ് ദിവസങ്ങളിൽ ഒരു ദിവസം വന്ധ്യതാ നിവാരണ ക്ലിനിക്കിനും ഒരു ദിവസം ലഹരി വിമുക്ത ക്ലിനിക്കിനും വിനിയോഗിക്കേണ്ടതാണ്. ആഴ്ചയിലെ ഏഴാം

ദിവസം ഔട്ട്റീച്ച് ആക്ടിവിറ്റീസിന് പ്രയോജനപ്പെടുത്തേണ്ടതുമാണ്. മേൽ പരാമർശിച്ച ജില്ലാ ആശുപത്രികളിലെ സീതാലയം സെന്ററുകളിൽ ഹോമിയോ മെഡിക്കൽ ആഫീസർക്ക് പുറമെ സൈക്യാട്രിസ്റ്റ്,ലേഡി ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഗൈനക്കോളജിസ്റ്റ് അറ്റൻഡർ, ഡി.ടി.പി ഓപ്പറേറ്റർ എന്നിവരുടെ സേവനം ഉറപ്പ് വരുത്തേണ്ടതും പദ്ധതിയുടെ സേവനം സംബന്ധിച്ച് വിശദമായ അറിയിപ്പ് സ്ഥാപനത്തിന് പുറത്ത് വ്യക്തമായി പ്രദർശിപ്പിക്കേണ്ടതുമാണ്. പദ്ധതി സംബന്ധിച്ച സേവനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ലഘുലേഖകളും നോട്ടീസുകളും വിതരണം ചെയ്യാവുന്നതുമാണ്. ഇതിനായി ഐ.ഇ.സി പ്രവർത്തനങ്ങൾക്കായി നൽകപ്പെട്ടിട്ടുള്ള വിഹിതം വിനിയോഗിക്കാവുന്നതാണ്. ജില്ലകളിലെ സീതാലയം സെന്ററുകളിൽ നിയോഗിക്കപ്പെട്ടിട്ടുള്ള ഡി.ടി.പി ഓപ്പറേറ്റർമാരുടെ സേവനം ജില്ലയിലെ എല്ലാ പദ്ധതികളുടെയും ഡാറ്റാ ശേഖരണത്തിനും പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കുന്നതിനും മറ്റുമായി വിനിയോഗിക്കേണ്ടതാണ്. ഇവരെ മറ്റ് ആശുപത്രികളിലേക്കും ജില്ലാ മെഡിക്കൽ ആഫീസുകളിലേക്കും നിയോഗിക്കാൻ പാടുള്ളതല്ല. സീതാലയം പോലുള്ള മറ്റ് പദ്ധതികളുടെ പ്രവർത്തന റിപ്പോർട്ട്, ഡാറ്റാ അനലൈസിസ് തുടങ്ങിയവയ്ക്ക് ഇവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

- 2014-15 മുതൽ സീതാലയത്തിന്റെ വിവിധ സേവനങ്ങൾ സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ, താലൂക്ക് ഹോമിയോ ആശുപത്രികൾ, ജില്ലാ ഹോമിയോ ആശുപത്രികൾ എന്നിങ്ങനെ ത്രിതല സംവിധാനത്തിലൂടെ (three tier referral system ie. Primary, Secondary and Tertiary) താഴെപ്പറയും പ്രകാരം ലഭ്യമാക്കുവാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

| | PRIMARY LEVEL | SECONDARY LEVEL | TERTIARY LEVEL |
|---|---|---|---|
| സ്ഥാപനം | സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ | താലൂക്ക് ഹോമിയോ ആശുപത്രികൾ | ജില്ലാ ഹോമിയോ ആശുപത്രികൾ |
| സേവനം | ഹോമിയോമെഡിക്കൽ ആഫീസർ | മെഡിക്കൽ ആഫീസർ, ലേഡി ക്ലിനിക്കൽ - സൈക്കോളജിസ്റ്റ്. | മെഡിക്കൽ - ആഫീസർ, ലേഡി ക്ലിനിക്കൽ- സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ്, ഗൈനക്കോളജിസ്റ്റ്. |
| പ്രവൃത്തി ദിവസവും സമയവും | ആഴ്ചയിൽ ഒരു നിശ്ചിത ദിവസം (വ്യാഴാഴ്ച) (12noon - 3pm) | രണ്ടാഴ്ചയിൽ ഒരിക്കൽ/മാസത്തിൽ രണ്ട് തവണ (തിങ്കൾ, ചൊവ്വ, ബുധൻ തുടങ്ങിയ ദിവസങ്ങളിൽ ഏതെങ്കിലും ദിവസം) (9 am - 3pm) | ആഴ്ചയിൽ 6 ദിവസങ്ങൾ (9 am - 3pm) |

- മുൻ പട്ടികയിൽ പ്രതിപാദിച്ച പ്രകാരം പ്രാഥമിക തലത്തിൽ സീതാലയത്തിന്റെ സേവനം തേടി വരുന്ന രോഗികൾക്ക് കൂടുതൽ സേവനവും കൗൺസലിംഗും ആവശ്യമായി വരുന്ന പക്ഷം ദ്വിതീയതലത്തിലുള്ള താലൂക്ക് ഹോമിയോ ആശുപത്രിയിലേക്ക് റെഫർ ചെയ്യാവുന്നതാണ്.ദ്വിതീയ തലത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ കൗൺസലിംഗ് തുടങ്ങിയ സേവനങ്ങൾക്ക് പുറമെ കൂടുതൽ പരിചരണവും ചികിൽസയും ആവശ്യമായി വരുന്ന പക്ഷം ത്രിതീയ തലത്തിൽ ഉള്ള ജില്ലാ ഹോമിയോ ആശുപത്രികളിലെ സീതാലയം സെന്ററുകളിലേക്ക് സൈക്യാട്രിസ്റ്റിന്റെയും ഗൈനക്കോളജിസ്റ്റിന്റെയും അധിക സേവനങ്ങൾക്കും ചികിയ്ക്കുമായി റെഫർ ചെയ്യാവുന്നതാണ്.

**ഗവ. ഹോമിയോ ഡിസ്പെൻസറി - താലൂക്ക് ആശുപത്രി - ജില്ലാഹോമിയോ ആശുപത്രി**
**(പ്രൈമറി ലെവൽ) (സെക്കന്ററി ലെവൽ) (ടെർഷിയറി ലെവൽ)**

- അതാത് സീതാലയം നടത്തിപ്പ് ജില്ലാ മെഡിക്കൽ ആഫീസറുടെ ചുമതലയിലും മേൽ നോട്ടത്തിലും സീതാലയം കൺവീനർ മാർക്കായിരിക്കും. ജില്ലാ മെഡിക്കലാഫീസർ, മെഡിക്കൽ ആഫീസർ മാരുടേയും പ്ലാൻ മോണിറ്ററിംഗ് കമ്മിറ്റിയുടെയും സംയുക്ത യോഗത്തിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ചർച്ച ചെയ്ത് ഓരോ തലത്തിലുമുള്ള സ്ഥാപനങ്ങളുടെ പ്രവൃത്തി ദിവസങ്ങളും സമയവും തീരുമാനിച്ച് ഏകരൂപമായി ഒത്തൊരുമിച്ച് പ്രവർത്തിക്കാനുള്ള സംവിധാനം ഒരുക്കേണ്ടതാണ്. ഈ പദ്ധതിയുടെ സേവനം കാര്യക്ഷമമായി ലഭ്യമാക്കുന്നതിന് ഒരു ശൃംഖലപോലെ ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതുമാണ്. ഇത് കോ-ഓർഡിനേറ്റ് ചെയ്യേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് ജില്ലാ മെഡിക്കലാഫീസർമാർക്കും ജില്ലയിലെ സീതാലയം കൺവീനർക്കുമാണ്.

- സീതാലയം പദ്ധതിയെക്കുറിച്ചും അതിന്റെ വിവിധ തലങ്ങളിലുള്ള വ്യത്യസ്ത സേവനങ്ങളെക്കുറിച്ചും തദ്ദേശസ്വയം ഭരണാധികാരികൾ, ജനപ്രതിനിധികൾ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവരെ അറിയിക്കേണ്ടതും ഗ്രാമസഭകൾ, കുടുംബശ്രീ, അംഗൻവാടി പ്രവർത്തകർ, ആശാ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി പ്രചരണ പരിപാടികളും സെമിനാറുകളും, ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിച്ച് പദ്ധതിയുടെ സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരി ക്കേണ്ടതുമാണ്. ഇത്തരം പ്രവർത്തനങ്ങൾക്ക് ഐ.ഇ.സി പദ്ധതി വിഹിതം സ്ഥാപനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്

## V. സാംക്രമിക രോഗ നിയന്ത്രണ പദ്ധതി

അനഘവും അനന്യവുമായ തനത് ഹോമിയോപ്പതി പ്രതിരോധ ചികിത്സയിലൂടെ മഴക്കാലത്തും ചില പ്രത്യേക കാലഘട്ടങ്ങളിലും പൊട്ടിപ്പുറപ്പെടുന്ന പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി ആവിഷ്ക്കരിക്കപ്പെട്ട പദ്ധതിയാണ് സാംക്രമിക രോഗ നിയന്ത്രണ പദ്ധതി. സാംക്രമിക രോഗ നിയന്ത്രണത്തിനും നിവാരണത്തിനുമായി 2004 ൽ ഹോമിയോപ്പതി വകുപ്പ് രൂപം കൊടുത്ത Rapid Action Epidemic Control cell in

Homoeopathy (RAECH) (ദ്രുത കർമ്മ സാംക്രമിക രോഗ നിയന്ത്രണ സമിതി) യുടെ നിർദ്ദേശങ്ങൾക്ക് അനുസരണമായി പകർച്ചവ്യാധി മേഖലകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി പ്രതിരോധ മരുന്നുകൾ നൽകുക, ആവശ്യമായ ആതുര സേവനം നൽകുക, ആരോഗ്യ ബോധവൽക്കരണ ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾക്ക് ഈ പദ്ധതി പ്രാധാന്യം നൽകുന്നു. കൂടാതെ സ്കൂൾ/കലാലയ യുവജനോത്സവ വേദികളിലും മറ്റ് സവിശേഷ അവസരങ്ങളിലും ഉത്സവ വേളകളിൽ ഭക്തജനങ്ങൾക്കായി തീർത്ഥാടന കേന്ദ്രങ്ങളിലും താൽക്കാലിക ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിപ്പിക്കുകയും ഈ പദ്ധതിയുടെ ഭാഗമാണ്. ഇത്തരം സ്ഥിരം തുടർ പരിപാടികൾക്ക് പുറമെ 2012-13 മുതൽ പ്രദേശിക സാംക്രമിക രോഗ പ്രതിരോധ പരിപാടിയും ഈ പദ്ധതിക്ക് കീഴിൽ ആവിഷ്കരിക്കപ്പെട്ട് നടത്തി വരുന്നു. പ്രാദേശിക സാംക്രമിക രോഗ പ്രതിരോധ പരിപാടിയുടെ ഭാഗമായി കുട്ടനാട് മേഖലയിലെ തീരദേശങ്ങളിലെ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി 2013-14 ൽ പ്രവർത്തനം ആരംഭിച്ച ഒരു ഫ്ളോട്ടിംഗ് ഹോമിയോ ഡിസ്പെൻസറിയ്ക്ക് പുറമെ 2014-15 ൽ പുതിയ ഒരു ഫ്ളോട്ടിംഗ് ഹോമിയോ ഡിസ്പെൻസറിയ്ക്ക് കൂടി ഭരണാനുമതി ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പരിപാടി പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായ തരത്തിൽ പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

## ഫ്ളോട്ടിംഗ് ഹോമിയോ ഡിസ്പെൻസറി - പ്രവർത്തന മാർഗ്ഗരേഖ

പ്രാദേശിക സാംക്രമിക രോഗ പ്രതിരോധ പരിപാടിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിലെ വിവിധ പ്രദേശങ്ങൾ സൗജന്യ വൈദ്യസഹായം എത്തിക്കുക, എന്ന ലക്ഷ്യത്തോടെ ഹോമിയോപ്പതി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഫ്ളോട്ടിംഗ് ഡിസ്പെൻസറി. കരയിലൂടെയുള്ള ഗതാഗതം സുഗമമല്ലാത്ത മേഖലകളിലെ ജനങ്ങൾക്ക് ഹോമിയോപ്പതി വൈദ്യ സഹായം എത്തിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

<u>പ്രവർത്തന സമയം</u>

ഓരോ ബോട്ടുജെട്ടികളിലും രാവിലെ 9 എ.എം - 12 നൂൺ
ഉച്ചയ്ക്ക് ശേഷം 2 പി.എം - 5 പി.എം

## ജീവനക്കാരും ഉത്തരവാദിത്വങ്ങളും

**ചാർജ്ജ് ആഫീസർ:-**

ജില്ലയിലെ മെഡിക്കലാഫീസറായിരിക്കും പദ്ധതിയുടെ ചാർജ്ജ് ആഫീസർ ഫ്ളോട്ടിംഗ് ഡിസ്പെൻസറിയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും പ്രതിമാസ റിപ്പോർട്ട് ക്രോഡീകരിച്ച് ജില്ലാ മെഡിക്കലാഫീസർ മുഖേന വകുപ്പ് മേധാവിക്ക് അഞ്ചാം തീയതിയ്ക്കു മുൻപായി അയച്ചു നൽകുകയും ചെയ്യുക എന്നതാണ് പ്രധാന ചുമതല.

**മെഡിക്കൽ ആഫീസർമാർ:-**

- ഫ്ളോട്ടിംഗ് ഡിസ്പെൻസറികളിലൂടെ ജനങ്ങൾക്ക് ഹോമിയോപ്പതി ചികിത്സ നൽകുക.
- ഹോമിയോപ്പതിയെക്കുറിച്ചും ആരോഗ്യ സംരക്ഷണ മാർഗ്ഗങ്ങളെ ക്കുറിച്ചും പൊതുജനങ്ങളെ ബോധവൽക്കരിക്കുക.
- മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക
- പകർച്ച വ്യാധികൾ ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിര ശ്രദ്ധ നൽകുക.
- പ്രദേശത്ത് ശ്രദ്ധയിൽപ്പെടുന്ന ആരോഗ്യ പ്രശ്നങ്ങൾ രേഖാമൂലം ചാർജ്ജ് മെഡിക്കലാഫീസർക്ക് നൽകുക.
- മാസംതോറുമുള്ള പ്രവർത്തന റിപ്പോർട്ട് രണ്ടാം തീയതിയ്ക്കകം ചാർജ്ജ് മെഡിക്കലാഫീസർക്ക് നൽകുക.
- ചാർജ്ജ് മെഡിക്കലാഫീസറുടെ നിർദ്ദേശാനുസരണം മറ്റ് ഔദ്യോഗിക ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുക.
- ഔഷധങ്ങളുടെ സ്റ്റോക്കിന്റെ പൂർണ്ണ ഉത്തരവാദിത്വം .
- രജിസ്റ്ററുകൾ മെയിന്റയിൻ ചെയ്യുക

**ഫാർമസിസ്റ്റ് -**

- മെഡിക്കലാഫീസർ നൽകുന്ന കുറിപ്പ് പ്രകാരം രോഗികൾക്ക് മരുന്ന് വിതരണം ചെയ്യുകയും വിതരണം ചെയ്യുന്ന മരുന്നിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുക.
- ഡിസ്പെൻസറിയിലെ ഉപകരണങ്ങൾ, ഫർണിച്ചർ തുടങ്ങിയവയുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുക.

- ഒ.പിയിലേക്കാവശ്യമായ ഔഷധങ്ങളുടെ ഇന്റന്റ് മെഡിക്കലാഫീസറുമായി ആലോചിച്ച് തയ്യാറാക്കി, അതു പ്രകാരമുള്ള സാധനങ്ങൾ കൈപ്പറ്റി സബ് സ്റ്റോക്ക് രജിസ്റ്ററിൽ വരവ് വെച്ച് മെഡിക്കലാഫീസറുടെ നിർദ്ദേശ പ്രകാരം വിതരണം ചെയ്യുക
- മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിന് മെഡിക്കലാഫീസറെ സഹായിക്കുക.
- മെഡിക്കലാഫീസർ നൽകുന്ന മറ്റ് ഔദ്യോഗിക ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുക.
- ആനുകാലിക റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് മെഡിക്കലാഫീസറെ സഹായിക്കുക
- രജിസ്റ്ററുകൾ മെയിന്റയിൻ ചെയ്യാൻ മെഡിക്കലാഫീസറെ സഹായിക്കുക
- സ്ഥാപനത്തിലെ സാധന സാമഗ്രികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുക

**വളന്റിയർ**

- മെഡിക്കലാഫീസറുടെ നിർദ്ദേശാനുസരണം ഒ.പി ടിക്കറ്റ്, ഒ.പി. രജിസ്റ്റർ എന്നിവ എഴുതുക
- ഡിസ്പെൻസറി വൃത്തിയായി സൂക്ഷിക്കുക, ശുചിത്വം ഉറപ്പു വരുത്തുക
- ഉപയോഗ ശേഷം ഡിസ്പെൻസിംഗ് ഉപകരണങ്ങളും മറ്റും വൃത്തിയാക്കുകയും സൂക്ഷിക്കുകയും ചെയ്യുക
- സ്ഥാപനത്തിന്റെ നടത്തിപ്പിലേക്കായി മെഡിക്കലാഫീസർ നിർദ്ദേശിക്കുന്ന മറ്റ് ഔദ്യോഗിക ചുമതലകൾ നിർവ്വഹിക്കു

**പ്രവർത്തനരീതി**

പ്രവർത്തന മേഖലയിലെ വിവിധ ബോട്ടുജെട്ടികൾ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കേണ്ടത്. മറ്റ് വൈദ്യ സഹായം ലഭിക്കാൻ പ്രയാസമുള്ള പ്രദേശങ്ങളക്കാണ് മുൻഗണന നൽകേണ്ടത്. എല്ലാ മാസവും നിശ്ചിത സമങ്ങളിൽ നിശ്ചിത പ്രദേശങ്ങളിൽ കൃത്യമായ ഇടവേളകളിൽ ഫ്ളോട്ടിംഗ് ഡിസ്പെൻസറി എത്തേണ്ടതാണ്. അതാത് പ്രദേശത്തെ ജനങ്ങൾക്ക് പദ്ധതിയെക്കുറിച്ച് വോളണ്ടിയർമാർ അവബോധം നൽകേണ്ടതാണ്. ഇതിലേക്കായി അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ, സർക്കാരേതര സംവിധാനങ്ങൾ,

വിദ്യാലയങ്ങൾ എന്നിവയിലൂടെയും വീട് വീടാന്തരമുള്ള പ്രവർത്തനങ്ങളിലൂടെയും ബോധവൽക്കരണം നടത്തേണ്ടതാണ്. ഫ്ളോട്ടിംഗ് ഡിസ്പെൻസറി പ്രദേശങ്ങളിൽ വരുന്ന സമയം, സ്ഥലം തുടങ്ങിയവ പ്രദർശിപ്പിക്കുന്ന നോട്ടീസ് ബോർഡ് ഡിസ്പെൻസറിയിൽ പ്രദർശിപ്പിക്കേണ്ടതാണ്. കൂടാതെ പ്രവർത്തനം സംബന്ധിച്ച് സംശയങ്ങൾ വോളണ്ടിയർമാർ മെഡിക്കലാഫീസറുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് നിവർത്തിച്ച് നൽകേണ്ടതുമാണ്.

ഡിസ്പെൻസറിയിൽ സേവനം തേടിയെത്തുന്ന പൊതുജനങ്ങൾക്ക് കൃത്യമായ ചികിത്സ നൽകുന്നതോടൊപ്പം അവശ്യഘട്ടത്തിൽ വിദഗ്ധ ചികിത്സ ആവശ്യമായവരെ വകുപ്പിന്റെ കീഴിലെ മറ്റ് സ്ഥാപനങ്ങളിലേക്കോ, പ്രത്യേക പദ്ധതികളിലേക്കോ മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലേക്കോ റഫർ ചെയ്യേണ്ടതുമാണ്. പുറം വാതിൽ ചികിത്സ നൽകുന്നത് കൂടാതെ ആരോഗ്യ സംരക്ഷണത്തിന് പരിസര ശുചിത്വം, വ്യക്തി ശുചിത്വം എന്നിവയിൽ അധിഷ്ഠിതമായ ആരോഗ്യ ശീലങ്ങളെക്കുറിച്ച് പൊതു ജനങ്ങളെ ബോധവാൻമാരാക്കുക, പകർച്ച വ്യാധികളെ പ്രതിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയവയും ചെയ്യുക.

പ്രതിമാസ റിപ്പോർട്ട് നിർദ്ദിഷ്ട ഫോർമാറ്റിൽ തൊട്ടടുത്ത മാസത്തിലെ രണ്ടാം പ്രവർത്തി ദിവസം ഫ്ളോട്ടിംഗ് ഡിസ്പെൻസറിയിലെ മെഡിക്കലാഫീസർ ചാർജ്ജ് മെഡിക്കലാഫീസർക്ക് നൽകേണ്ടതാണ്. ആവശ്യ ഘട്ടങ്ങളിൽ രോഗികൾക്ക് മെഡിക്കൽ സൗകര്യം നൽകുന്നതിന് ഫ്ളോട്ടിംഗ് ഡിസ്പെൻസറി ആംബുലൻസ് ആയും ഉപയോഗിക്കാവുന്നതാണ്.

**പ്രവർത്തന നിയന്ത്രണവും അവലോകനവും**

ഫ്ളോട്ടിംഗ് ഡിസ്പെൻസറിയുടെ പ്രവർത്തനങ്ങളുടെ പൂർണ്ണ നിയന്ത്രണവും അവലോകനവും നടത്തുന്നത് ജില്ലാ മെഡിക്കലാഫീസർ അദ്ധ്യക്ഷനായ കമ്മിറ്റിയായിരിക്കും. കമ്മിറ്റി അംഗങ്ങൾ താഴെ പറയുന്നു.

1) ജില്ലാ മെഡിക്കലാഫീസർ - അദ്ധ്യക്ഷൻ
2) ചാർജ്ജ് മെഡിക്കലാഫീസർ - കൺവീനർ
3) ജില്ലാ ആശുപത്രി സൂപ്രണ്ട്
4) പ്രാദേശിക രോഗ പ്രതിരോധ പദ്ധതി മെഡിക്കലാഫീസർ
5) ഫ്ളോട്ടിംഗ് ഡിസ്പെൻസറിയിലെ മെഡിക്കലാഫീസർമാർ
6) അതാത് പഞ്ചായത്തിന്റെ പ്രതിനിധി, ബന്ധപ്പെട്ട വാർഡ് മെമ്പർ

കമ്മിറ്റി എല്ലാ മാസവും കൂടി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. ഫ്ളോട്ടിംഗ് ഡിസ്പെൻസറിയിലെ മെഡിക്കലാഫീസർമാർ പ്രാദേശിക രോഗ

പ്രതിരോധ പദ്ധതി മെഡിക്കൽ ആഫീസർ എന്നിവർ കമ്മിറ്റിയിൽ പങ്കെടുത്ത് പ്രവർത്തനങ്ങൾ വിശദീകരിക്കേണ്ടതാണ്. കമ്മിറ്റി റിപ്പോർട്ട് 2 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ വകുപ്പ് മേധാവിക്ക് അയച്ചു തരേണ്ടതാണ്. ഫ്ളോട്ടിംഗ് ഡിസ്പെൻസറി എത്തുന്ന സ്ഥലങ്ങൾ കമ്മിറ്റി തീരുമാനിക്കേണ്ടതാണ്.

## VI. ഹോമിയോപ്പതി പ്രത്യേക പരിചരണ കേന്ദ്രങ്ങൾ

ആധുനിക കാലഘട്ടത്തിൽ വ്യാപകമായി വർദ്ധിച്ചു വരുന്ന ചില പ്രത്യേക രോഗങ്ങളുടെ ചികിത്സയ്ക്കും നിവാരണത്തിനുമായും, പ്രത്യേക പരിചരണം ആവശ്യമായിട്ടുള്ള അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും വയോജനങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിനുമായും സവിശേഷമായി ആവിഷ്കരിക്കപ്പെട്ട പദ്ധതിയാണ് ഹോമിയോപ്പതി സ്പെഷ്യാലിറ്റി കെയർ സെന്ററുകൾ.

പ്രസ്തുത പദ്ധതി പ്രകാരം 2012-2013 ൽ ഇടുക്കി സർക്കാർ ഹോമിയോ ആശുപത്രിയിൽ അന്തഃസ്രാവഗ്രന്ഥിരോഗ ചികിത്സാ കേന്ദ്രവും (എൻഡോക്രൈൻ ഡിസോഡേഴ്സ് കെയർ സെന്റർ), കണ്ണൂർ ഹോമിയോ ആശുപത്രിയിൽ മാതൃ ശിശു പരിചരണ കേന്ദ്രവും (മദർ & ചൈൽഡ് കെയർ സെന്റർ), ആലപ്പുഴ ഹോമിയോ ആശുപത്രിയിൽ വയോജന പരിപാലന കേന്ദ്രവും (ജെറിയാട്രിക് കെയർ സെന്റർ) ആരംഭിച്ചു. പ്രസ്തുത സെന്ററുകളുടെ തുടർച്ചാനുമതിയ്ക്കായി അപേക്ഷിച്ച വേളയിൽ ഹെൽത്ത് വർക്കിംഗ് ഗ്രൂപ്പ് ഇത്തരം പദ്ധതികളിൽ അവശ്യമായ വിദഗ്ദരുടെ തസ്തികകളൊഴികെയുള്ള ഹോമിയോ മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരെ തനത് വകുപ്പിൽ നിന്നുതന്നെ ഇനി മുതൽ നിയോഗിക്കേണ്ടതാണെന്നും താൽക്കാലികമായി നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെ വേതനത്തിനായി പ്ലാൻ ഫണ്ടിന്റെ നല്ലൊരു പങ്ക് വിനിയോഗിക്കാനാവില്ലെന്ന് അഭിപ്രായപ്പെടുകയും അത് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിറ്റ്സിൽ വ്യക്തമായി രേഖപ്പെടുത്തുകയും 2013-14 ഭരണാനുമതി ഉത്തരവിൽ അത് പ്രത്യേകമായി നിഷ്കർഷിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ചില ഭേദഗതികളോടെ 2014 -15 മുതൽ ഈ പദ്ധതി നടപ്പിലാക്കേണ്ടതാകുന്നു.

- ഓരോ സ്പെഷ്യാലിറ്റി കെയർ സെന്ററിലും ചികിത്സ തേടിയെത്തുന്ന രോഗികളുടെ ബാഹുല്യം കണക്കിലെടുത്തുകൊണ്ട് ആഴ്ചയിൽ എത്ര ദിവസം പ്രസ്തുത സെന്റർ പ്രവർത്തിപ്പിക്കണമെന്ന് ബന്ധപ്പെട്ട ജില്ലാ മെഡിക്കലാഫീസറും ആശുപത്രി സൂപ്രണ്ടും കൂട്ടായി തീരുമാനിച്ച് അത് നടപ്പിൽ വരുത്തേണ്ടതാണ്.

- സ്പെഷ്യാലിറ്റി സെന്റർ പ്രവർത്തിക്കുന്ന നിശ്ചിത ദിവസങ്ങളിൽ ഹോമിയോ മെഡിക്കൽ ആഫീസർമാരുടെ സേവനത്തിനായി ജില്ലയിലെ വിവിധ സ്ഥാപനങ്ങളിലെ പ്രസ്തുത ചികിത്സയിൽ വിദഗ്ദരായ മെഡിക്കൽ ആഫീസർമാരെ മാറി മാറി ആഴ്ചയിൽ ഒരു ദിവസം എന്ന കണക്കിൽ ആവർത്തിതമായി നിയോഗിക്കേണ്ടതാണ്. പ്രസ്തുത ദിവസങ്ങളിൽ സ്പെഷ്യാലിറ്റി സെന്ററുകളിൽ നിയോഗിക്കപ്പെടുന്ന മെഡിക്കൽ ആഫീസറുടെ ഡിസ്പെൻസറിയിലേക്ക്, സാധിക്കുമെങ്കിൽ ജില്ലയിലെ എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിയിലെ ഡോക്ടറെ (ഒ.പി തിരക്ക് കുറവുള്ള ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളുള്ള പഞ്ചായത്തിലെ എൻ.ആർ.എച്ച്.എം.ഡോക്ടർമാർ) നിയോഗിക്കാവുന്നതുമാണ്.

- ഓരോ സ്പെഷ്യാലിറ്റി സെന്ററുകളിലും അനുവദിക്കപ്പെട്ടിട്ടുള്ള കൺസൾട്ടന്റ് സ്പെഷ്യലിസ്റ്റുകളുടെയും മറ്റ് ജീവനക്കാരുടെയും സേവനം കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

- ഭരണാനുമതി ഉത്തരവിൽ പറഞ്ഞിട്ടുള്ള മറ്റിനങ്ങൾക്ക് (ഐ.ഇ.സി പ്രവർത്തനങ്ങൾ, മെഡിസിൻ, സൺട്രീസ്, എക്വിപ്മെന്റ്സ്, മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ തുടങ്ങിയവ) നൽകപ്പെട്ടിട്ടുള്ള തുക പ്ലാൻ മോണിറ്ററിംഗ് കമ്മിറ്റി കൂടി തീരുമാനിച്ച് ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്. എല്ലാ പർച്ചേസുകളും നടപടികളും സ്റ്റോർ പർച്ചേയ്സ് റൂൾസിനും ഭരണാനുമതി ഉത്തരവിനും വിധേയമായിരിക്കണം.

- ഹോമിയോപ്പതി സ്പെഷ്യാലിറ്റി കെയർ സെന്ററുകളുടെ റിപ്പോർട്ടും ഓരോ സെന്ററിലും ചികിത്സിച്ച രോഗികളുടെ കൃത്യമായ പ്രതിമാസ കണക്കും വീഴ്ച കൂടാതെ എല്ലാ മാസവും 3-ാം തിയ്യതിക്ക് മുൻപായി ഡയറക്ടറേറ്റിലേയ്ക്ക് അയച്ചു തരേണ്ടതാണ്.

## VII. കൗമാര ആരോഗ്യ സംരക്ഷണ - പെരുമാറ്റ വൈകല്യ പരിഹാര പരിപാടി (സദ്ഗമയ)

വിദ്യാർത്ഥി/വിദ്യാർത്ഥിനികളുടെ ആരോഗ്യ സംരക്ഷണത്തോടൊപ്പം ബാല്യകാലത്തും പ്രത്യേകിച്ച് കൗമാരക്കാലത്തും അവരിൽ കണ്ടുവരുന്ന വ്യക്തിത്വ അപഭ്രംശങ്ങളെയും പെരുമാറ്റ വൈകല്യങ്ങളേയും ഹോമിയോപ്പതി ചികിത്സയിലൂടെയും കൗൺസിലിംഗിലൂടെയും പരിഹരിച്ച് ക്രിയാത്മകതയും ഊർജ്ജസ്വലതയും ആരോഗ്യവുള്ള ഒരു യുവതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് - ''അഡോളസന്റ് ഹെൽത്ത് കെയർ & ബിഹേവിയറൽ മാനേജുമെന്റ് പ്രോഗ്രാം''. ഫലപ്രദവും പാർശ്വഫലരഹിതവും മാനസിക - ബൗദ്ധിക - സൂക്ഷ്മതലങ്ങളിൽ വരെ പ്രവർത്തിക്കാൻ കഴിയുന്നതുമായ ഹോമിയോപ്പതി മരുന്നുകളിലൂടെയുള്ള ചികിത്സ, വിദഗ്ദ്ധ കൗൺസിലിംഗ്, വിദ്യാഭ്യാസ കാര്യങ്ങളിൽ വൈദഗ്ധ്യം നേടിയ സവിശേഷ അദ്ധ്യാപകരുടെ സേവനം തുടങ്ങിയവയെ സമന്വയിപ്പിച്ചുകൊണ്ട് കൗമാരക്കാരുടെ ശാരീരിക മാനസിക ആരോഗ്യം സംരക്ഷിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് വിഭാവനം ചെയ്യപ്പെടുന്നത്. ഇതിനായി ഡോക്ടർ, സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ്, സവിശേഷ വിദ്യാഭ്യാസ അദ്ധ്യാപകൻ (സ്പെഷ്യൽ എജ്യൂക്കേഷൻ ബി.എഡ് ടീച്ചർ) എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. കുട്ടികളുടെ ആരോഗ്യ സംരക്ഷണവും സമഗ്ര വ്യക്തിത്വ വികസനവും ലക്ഷ്യമാക്കുന്ന ഈ പദ്ധതി (സദ്ഗമയ), സ്കൂൾ ഹെൽത്ത് പ്രോഗ്രാം (ജ്യോതിർഗമയ) എന്ന പദ്ധതിയെ കൂടുതൽ മികവോടെ പരിഷ്കരിച്ചും വികസിപ്പിച്ചും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ്. സ്കൂൾ ഹെൽത്ത് പ്രോഗ്രാം ഉൾക്കൊള്ളുന്ന ഈ സമഗ്ര ആരോഗ്യ വ്യക്തിത്വവികസന പദ്ധതി ഇനി മുതൽ **സദ്ഗമയ** എന്ന് അറിയിപ്പെടുന്നതായിരിക്കും.

മുൻപദ്ധതികളുടെ വിവരണത്തിൽ പ്രതിപാദിച്ച പ്രകാരം ഈ പദ്ധതിക്കായും താൽക്കാലിക ജീവനക്കാരുടെ വേതനത്തിനായി പ്ലാൻ വിഹിതത്തിന്റെ നല്ലൊരു പങ്ക് വിനിയോഗിക്കാനാവില്ലെന്നും അവശ്യ തസ്തികകളൊഴികെ (സ്പെഷ്യലിസ്റ്റുകൾ) മറ്റ് ഹോമിയോ മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരെ സ്വന്തം വകുപ്പിൽ നിന്നുതന്നെ പരിശീലനം നൽകി നിയോഗിക്കേണ്ടതാണെന്ന ധനകാര്യ

വകുപ്പിന്റെയും സർക്കാരിന്റെയും തീരുമാനപ്രകാരം ആവശ്യമായ ചില ഭേദഗതികളോടെ താഴെപ്പറയും പ്രകാരം പദ്ധതി നടപ്പിലാക്കേണ്ടതാണ്.

- 2014-15 മുതൽ ചേതന (പെയൻ & പാലിയേറ്റീവ് കെയർ സെന്റർ, വണ്ടൂർ) ഒഴികെയുള്ള എല്ലാ ജില്ലാ-താലൂക്ക് ഹോമിയോ ആശുപത്രികളിലും ഡിസ്പെൻസറികളിലും സദ്ഗമയുടെ സേവനം ലഭ്യമാക്കേണ്ടതാണ്.

- സദ്ഗമയ പദ്ധതിയെ സംബന്ധിച്ച് ശാസ്ത്രീയമായി പഠിച്ച് അതിന്റെ വിവിധ ഘട്ടങ്ങളിലായുള്ള നടത്തിപ്പ് സംബന്ധിച്ച് ഡോക്ടർമാർക്കായി ഡോ. റോയ് സക്കറിയ ഇംഗ്ളീഷിൽ വിശദമായ തയ്യാറാക്കിയ ഒരു കൈപ്പുസ്തകം (ഹാൻഡ് ബുക്ക്). ഈ മാർഗ്ഗ രേഖയ്ക്ക് പിന്നാലെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഡോക്ടർമാർക്ക് വിതരണം ചെയ്യുന്നതാണ്.

- 2014-15 മുതൽ സദ്ഗമയ പദ്ധതി ഡിസ്പെൻസറി - താലൂക്ക് ആശുപത്രി-ജില്ലാ ആശുപത്രി എന്നിങ്ങനെ മൂന്ന് തലങ്ങളിലായി (സീതാലയം പദ്ധതി നടത്തിപ്പിന്റെ മാർഗ്ഗരേഖയിൽ പ്രതിപാദിച്ച പ്രകാരം) നടത്തപ്പെടുവാൻ ഉദ്ദേശിക്കുന്നു.

- പ്രാഥമിക തലമായ ഹോമിയോ ഡിസ്പെൻസറിയിലെ മെഡിക്കൽ ആഫീസർ പ്രസ്തുത സ്ഥാപനം നിലനിൽക്കുന്ന പഞ്ചായത്തിലെ/മുൻസിപ്പാലിറ്റിയിലെ/കോർപ്പറേഷൻ മേഖലയിലെ സ്കൂളുകൾ സന്ദർശിച്ച് ഈ പദ്ധതിയുടെ ഗുണവശങ്ങളെക്കുറിച്ച് സ്കൂൾ അധികൃതരെ ബോധ്യപ്പെടുത്തി അവരുടെ അനുമതിയോടെ അദ്ധ്യാപക - രക്ഷകർത്താക്കളുടെ യോഗത്തിൽ ഇത് സംബന്ധിച്ച് ഒരു

  ക്ലാസ്/സെമിനാർ നടത്തി ആരോഗ്യ/മാനസിക/വ്യക്തിത്വ വൈകല്യങ്ങ - ളുള്ള കുട്ടികൾക്ക് സദ്ഗമയ വഴി നൽകപ്പെടുന്ന സേവനങ്ങളെക്കുറിച്ച് ഉദ്ബുദ്ധരാക്കി തങ്ങളുടെ സ്ഥാപനത്തിലേക്ക് കുട്ടികളെ ചികിത്സയ്ക്കായി കൊണ്ടുവരാൻ പ്രേരിപ്പിക്കാവുന്നതാണ്. കൂടാതെ ഹോമിയോ ഡിസ്പെൻസറി വഴി നടത്തപ്പെടുന്ന സദ്ഗമയ പദ്ധതിയെക്കുറിച്ചും അതിന്റെ സേവനങ്ങളെക്കുറിച്ചും

ലഘുലേഖകളിലൂടെയും മറ്റ് ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ/സെമിനാറുകളിലൂടെയും പൊതു ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുമാണ്. ഇതിന് അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, ചൈൽഡ് ലൈൻ പ്രവർത്തകർ, സാമൂഹ്യ രാഷ്ട്രീയ പൊതുപ്രവർത്തകർ തുടങ്ങിയവരുടെ സഹായ സഹകരണങ്ങൾ ലഭ്യമാക്കാവുന്നതാണ്.

- എല്ലാ ഹോമിയോ ഡിസ്പെൻസറികളിലും ശനിയാഴ്ച സദ്ഗമയ പദ്ധതിയ്ക്കായി നീക്കിവെയ്ക്കേണ്ടതും ആ ദിവസങ്ങളിൽ സദ്ഗമയയിൽ ചികിത്സ തേടിയെത്തുന്ന കുട്ടികൾക്ക് മുൻഗണന നൽകേണ്ടതുമാണ്. കൂടുതൽ കൗൺസിലിംഗും സാന്ത്വനവും ആവശ്യമായ കുട്ടികളെ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ കൺസൾട്ടിംഗ് ഉള്ള ദിവസങ്ങളിൽ അടുത്തുള്ള താലൂക്ക് ആശുപത്രികളിലേക്ക് റെഫർ ചെയ്യേണ്ടതുമാണ്.

- സീതാലയം പദ്ധതിയ്ക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ രണ്ടാഴ്ചയിലൊരിക്കൽ താലൂക്ക് ഹോമിയോ ആശുപത്രികളിലുള്ള കൺസൾട്ടേഷൻ ദിവസങ്ങളിൽ സദ്ഗമയ വഴി കൗൺസലിംഗ് തേടി വരുന്ന കുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗും ചികിത്സയും നൽകേണ്ടതാണ്. കൂടുതൽ പരിചരണവും ചികിത്സയും ആവശ്യമായ കുട്ടികളെ ജില്ലാ ആശുപത്രിയിലെ കൺസൾട്ടന്റ് സൈക്യാട്രിസ്റ്റിന്റെയും സദ്ഗമയിലെ സ്പെഷ്യൽ എജ്യൂക്കേഷൻ ബി.എഡ് ടീച്ചർ തുടങ്ങിയവരുടെയും സേവനങ്ങൾക്കായി റെഫർ ചെയ്യാവുന്നതുമാണ്.

- 2014-15 മുതൽ ജില്ലാ തലത്തിൽ സദ്ഗമയ സെന്റർ ആരംഭിക്കേണ്ടതും അവിടെ സ്പെഷ്യൽ എജ്യൂക്കേഷൻ ബി.എഡ് ടീച്ചറുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതുമാണ്. ജില്ലയിൽ സീതാലയം പദ്ധതിയ്ക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള കൺസൾട്ടന്റ് സൈക്യാട്രിസ്റ്റിന്റെയും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും സേവനം സദ്ഗമയ പദ്ധതിക്ക് ആവശ്യാനുസരണം ഉപയോഗപ്പെടുത്തേണ്ടതുമാണ്.

- ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന സദ്ഗമയ സെന്ററുകളിൽ താഴെത്തട്ടിൽ നിന്നും റെഫർ ചെയ്യപ്പെട്ട് വരുന്നതും അല്ലാതെ നേരിട്ട് ചികിത്സ തേടിയെത്തുന്നതുമായ കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ, വ്യക്തിത്വ പെരുമാറ്റ വൈകല്യങ്ങൾ, കടുത്ത മാനസിക പ്രശ്നങ്ങൾ തുടങ്ങിയവയ്ക്ക് ഹോമിയോ ഡോക്ടർമാരുടെയും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും, സൈക്യാട്രിസ്റ്റിന്റെയും സേവനം കാര്യക്ഷമമായി ഉറപ്പു വരുത്തേണ്ടതും, പഠനവൈകല്യം തുടങ്ങിയ വിദ്യാഭ്യാസ സംബന്ധിയായ പ്രശ്നങ്ങൾക്ക് ജില്ലയിലെ സ്പെഷ്യൽ എജ്യുക്കേഷൻ ബി.എഡ് ടീച്ചറുടെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുത്തേണ്ടതുമാണ്. ജില്ലയിൽ പ്രവർത്തിക്കുന്ന സദ്ഗമയ സെന്ററുകളിൽ ചികിത്സ തേടിയെത്തുന്ന കുട്ടികൾക്ക് പ്രസ്തുത സ്ഥാപനത്തിലെ തന്നെ ഹോമിയോ മെഡിക്കൽ ആഫീസറുടെ സേവനവും ആവശ്യാനുസരണം ലഭ്യമാക്കേണ്ടതാണ്.

- സദ്ഗമയ സെന്റർ വഴി നടത്തപ്പെടുന്ന സേവനങ്ങളുടെ പ്രചരണത്തിനും ക്ലാസുകൾ/സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും നോട്ടീസുകൾ, ബോർഡുകൾ സ്ഥാപിക്കുന്നതിനുമുള്ള ചെലവ് ഓരോ സ്ഥാപനത്തിനും ഐ.ഇ.സി യ്ക്കായി നൽകപ്പെട്ടിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കാവുന്നതുമാണ്. സദ്ഗമയ പദ്ധതിയുടെ സേവനത്തെക്കുറിച്ചും സേവനം നൽകപ്പെടുന്ന ദിവസം, സമയം എന്നിവയെക്കുറിച്ചും വിശദമാക്കുന്ന ബോർഡുകൾ ഓരോ സ്ഥാപനത്തിന് പുറത്തും വ്യക്തമായി പ്രദർശിപ്പിച്ചിരിക്കണം.
- ഭരണാനുമതി ഉത്തരവിന് വിധേയമായി അനുമതി നൽകപ്പെട്ടിട്ടുള്ള ഇനങ്ങൾക്ക് പദ്ധതി വിഹിതം ഫലപ്രദമായി വിനിയോഗിക്കാവുന്നതാണ്.

## VIII. മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ

അവശ്യവും ആവശ്യവുമായിട്ടുള്ള ഹോമിയോ മരുന്നുകൾ ശേഖരിച്ച് ഹോമിയോ ആശുപത്രികളിലേക്കും ഡിസ്പെൻസറികളിലേക്കും കൃത്യമായും സുഗമമായും വിതരണം ചെയ്യുന്നതിന് രൂപീകരിക്കപ്പെട്ടതാണ് പ്രാദേശിക മേഖലയിലുള്ള മൂന്ന് ഔഷധശാലകൾ. തിരുവനന്തപുരത്ത് സ്ഥിതിചെയ്യുന്ന സെൻട്രൽ മെഡിക്കൽ സ്റ്റോറിന് പുറമെ കോട്ടയം, മലപ്പുറം, കണ്ണൂർ തുടങ്ങിയ

മേഖലകളിലായി മൂന്ന് സോണൽ റീജിയണൽ മെഡിക്കൽ സ്റ്റോറുകൾ ഹോമിയോ ഔഷധ ശേഖരണവും വിതരണവും സുഗമമാക്കാൻ ആവശ്യമായ താല്ക്കാലിക തസ്തികകൾ സഹിതം സ്ഥാപിക്കപ്പെട്ടു. എന്നാൽ മുൻ പദ്ധതികളുടെ വിവരണത്തിൽ പ്രതിപാദിച്ച പ്രകാരം 2014-15 മുതൽ മെഡിക്കൽ സ്റ്റോർ മാനേജരായി ജോലി ചെയ്തു വന്നിരുന്ന താല്ക്കാലിക ഹോമിയോ മെഡിക്കലാഫീസർക്കു പകരം റീജിയണൽ മെഡിക്കൽ സ്റ്റോർ സ്ഥിതി ചെയ്യുന്ന സ്ഥാപനത്തിലെ ചീഫ് മെഡിക്കലാഫീസർ/സീനിയർ മെഡിക്കലാഫീസറുടെ നേതൃത്വത്തിലും മേൽനോട്ടത്തിലും സ്റ്റോർ കീപ്പർ, സ്റ്റോർ അസിസ്റ്റന്റ് എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. ഭരണാനുമതി ഉത്തരവ് പ്രകാരം നൽകപ്പെട്ടിട്ടുള്ള ഇനങ്ങൾക്ക് (മെഡിസിൻ, ടി.എ/ഡി.എ, ടെലിഫോൺ, ഇന്റർനെറ്റ്, സ്റ്റേഷണറി, മറ്റുള്ളവ) പദ്ധതി വിഹിതത്തിൽ നിന്നും തുക ഫലപ്രദമായി വിവേകപൂർവ്വം വിനിയോഗിക്കേണ്ടതാണ്.

## IX. ജീവിതശൈലീരോഗങ്ങളുടെചികിത്സയ്ക്കും പ്രതിരോധത്തിനുമായുള്ള ആയുഷ് സമഗ്ര ചികിത്സാ കേന്ദ്രങ്ങൾ

ആധുനിക ജീവിതശൈലീ രോഗങ്ങളുടെ ചികിത്സയ്ക്കും പ്രതിരോധത്തിനുമായി ഹോമിയോപ്പതി ചികിത്സയോടൊപ്പം പ്രകൃതി ജീവനവും ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളായ ആയുർവേദവും, യോഗയും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു സമഗ്ര ആരോഗ്യ പദ്ധതിയാണ് - ആയുഷ് ഹോളിസ്റ്റിക്ക് സെന്റർ ഫോർ പ്രിവൻഷൻ & മാനേജ്മെന്റ് ഓഫ് ലൈഫ് സ്റ്റൈൽ ഡിസീസസ്.

ഈ പദ്ധതി പ്രകാരം 2012-13 ൽ തിരുവനന്തപുരത്തും കോഴിക്കോടും 2013-14 ൽ എറണാകുളത്തും കണ്ണൂരും ഹോമിയോ ആശുപത്രികളോടനുബന്ധിച്ച് ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ ആരംഭിച്ചു. പദ്ധതി ആരംഭിച്ചത് മുതൽ താല്ക്കാലിക മെഡിക്കൽ /പാരാമെഡിക്കൽ ജീവനക്കാരെ നിയോഗിച്ച് തുടർന്നു വന്ന പദ്ധതിക്ക്, മുൻ പദ്ധതികളുടെ വിവരണത്തിൽ പ്രതിപാദിച്ച പ്രകാരം പദ്ധതി വിഹിതത്തിന്റെ വലിയൊരു പങ്ക് ഇപ്രകാരം താല്ക്കാലിക ജീവനക്കാരുടെ വേതനത്തിന് തുടർച്ചയായി വിനിയോഗിക്കാനാവില്ലെന്നും, ഇനി മുതൽ അനിവാര്യമായി പുറത്തുനിന്നും നിയോഗിക്കേണ്ട അവശ്യ വിദഗ്ധ

തസ്തികകളൊഴികെ മറ്റ് താല്ക്കാലിക മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാർക്ക് പകരം സ്വന്തം വകുപ്പിൽ നിന്നുതന്നെയുള്ള ഹോമിയോ മെഡിക്കൽ/ പാരാമെഡിക്കൽ ജീവനക്കാരെ നിയോഗിക്കേണ്ടതാണെന്ന് വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി അഭിപ്രായപ്പെടുകയും, തുടർന്ന് ഭരണാനുമതി ഉത്തരവിൽ ഇത് പ്രത്യേകമായി നിഷ്കർഷിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിയിൽ നിന്നും താല്ക്കാലികമായി നിയോഗിക്കപ്പെട്ടിരുന്ന മെഡിക്കലാഫീസർക്ക് പകരം 2014-15 മുതൽ വകുപ്പിലെ സ്ഥിരം മെഡിക്കലാഫീസർമാരുടെ സേവനം ഉൾപ്പെടുത്തി താഴെ പറയുന്ന ഭേദഗതിയോടെ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

- ഈ പദ്ധതിയുടെ ഒരു പ്രവർത്തന മാർഗ്ഗരേഖ 2012-13 ൽ നൽകപ്പെട്ടിട്ടുണ്ട്. പ്രസ്തുത മാർഗ്ഗ രേഖയിൽ പ്രതിപാദിച്ച പ്രകാരം ഈ പദ്ധതിയുടെ പ്രവർത്തനരീതി അതേപോലെ തന്നെ തുടരാവുന്നതാണ്. എന്നാൽ മുൻവർഷങ്ങളുടെ ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കി നൽകിയ മാർഗ്ഗരേഖയിലെ പ്രസക്തമായ ഭാഗങ്ങൾ മാത്രം ഉൾക്കൊണ്ടും അല്ലാത്തവ ഒഴിവാക്കിയും 2014-15 മുതലുള്ള ഭേദഗതികൾ അനുസരിച്ചും വേണം ഇനി മുതൽ പദ്ധതി നടപ്പിലാക്കേണ്ടത്.

- 2014-15 മുതൽ ആയുഷ് ഹോളിസ്റ്റിക്ക് സെന്റർ പ്രവർത്തിക്കുന്ന ദിവസങ്ങളിൽ ഹോമിയോ മെഡിക്കലാഫീസറുടെ സേവനത്തിനായി അടുത്തുള്ള സ്ഥാപനത്തിലെ (ആശുപത്രി/ഡിസ്പെൻസറി) മെഡിക്കൽ ആഫീസറെ ആഴ്ചയിൽ ഒരു ദിവസം എന്ന കണക്കിൽ ആവർത്തിതമായി നിയോഗിക്കേണ്ടതാണ്.

- ഹോമിയോ ഡോക്ടറെ കൂടാതെയുള്ള ആയുർവേദ ഡോക്ടർ, നാച്ചുറോപ്പതി ഡോക്ടർ, യോഗ ട്രെയ്നർ, എന്നിവരുടെ സേവനം ആയുഷ് സെന്ററുകളിലെ പ്രവർത്തനത്തിനായി ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- 2014-15 മുതൽ ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകളുടെ പ്രവർത്തനം താലൂക്ക് തലത്തിൽ കൂടി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി, ആയുഷ് സെന്റുകൾ പ്രവർത്തിക്കുന്ന ജില്ലകളിലെ മറ്റ് ആശുപത്രികളിൽ ആഴ്ചയിൽ ഒരു ദിവസം ആയുർവേദ ഡോക്ടർ, നാച്ചുറോപ്പതി

ഡോക്ടർ, യോഗ ട്രെയ്നർ എന്നിവരടങ്ങുന്ന ആയുഷ് യൂണിറ്റ് അവരുടെ ആതുര സേവനം നൽകേണ്ടതാണ്.

- ഭരണാനുമതിഉത്തരവ് പ്രകാരം നൽകപ്പെട്ടിട്ടുള്ള മറ്റിനങ്ങൾക്ക് (മെഡിസിൻ, ഐ.ഇ.സി, ട്രെയിനിംഗ്, ടി.എ, ഡി.എ, ടെലിഫോൺ, ഇന്റർനെറ്റ്, സ്റ്റേഷണറി, എക്വിപ്മെന്റ്സ്, മറ്റുള്ളവ) പദ്ധതി വിഹിതം വിവേകപൂർവ്വം ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്.

**പൊതുവായ നിർദ്ദേശങ്ങൾ**

- എല്ലാവിധ നടപടികളും പർച്ചേസുകളും ഭരണാനുമതി ഉത്തരവിനും സ്റ്റോർ പർച്ചേസ് റൂൾസിനും വിധേയമായിരിക്കണം.

- 2014-15 മുതൽ ഹോമിയോപ്പതി വകുപ്പിലെ വാർഷിക പദ്ധതികളെല്ലാം ഇതോടൊപ്പം തന്നിട്ടുള്ള മാർഗ്ഗരേഖ അനുസരിച്ച് നടപ്പിലാക്കേണ്ടതാണ്.
- എന്തെങ്കിലും കാരണവശാൽ തന്നിട്ടുള്ള മാർഗ്ഗരേഖയിൽ നിന്നും വ്യത്യസ്തമായി ചിലത് ചെയ്യേണ്ടതുണ്ടെങ്കിൽ, ആയതിന് ഡയറക്ടറുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങേണ്ടതാണ്. അത് പിന്നീട് പദ്ധതി നടത്തിപ്പിന്റെ ആഡിറ്റ് വേളയിൽ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ചു നടത്തിയ നടപടികളെ സാധൂകരിക്കുന്നതിന് ഉപകരിക്കുന്നതായിരിക്കും.
- ജില്ലകളിലെ വാർഷിക പദ്ധതി നടത്തിപ്പിന്റെയും മേൽ നോട്ടത്തിന്റെയും പൂർണ്ണ ചുമതല അതാത് ജില്ലാ മെഡിക്കലാഫീസർമാർക്കാണ്.
- മെഡിക്കലാഫീസർമാരുടെ യോഗത്തിലെ ഒരു മുഖ്യ അജണ്ടയായി പദ്ധതി അവലോകനം ഉൾപ്പെടുത്തിയിരിക്കണം. പ്രസ്തുത യോഗത്തിൽ പദ്ധതി വിഹിത വിനിയോഗവും ക്രിയാത്മകമായ പദ്ധതി നിർവ്വഹണവും ചർച്ച ചെയ്യേണ്ടതാണ്.

- എല്ലാ പദ്ധതികളുടെയും ഓരോ ഇനം തിരിച്ചുള്ള പദ്ധതി വിഹിത ചെലവും ഭൗതിക നേട്ടങ്ങളും (നടത്തിയ മെഡിക്കൽ ക്യാമ്പുകൾ/സി.എം.ഇ പരിപാടികൾ /സെമിനാറുകൾ/ബോധവൽക്കരണ ക്ലാസുകൾ/താൽക്കാലിക ഡിസ്പെൻസറികൾ/ഓരോ പദ്ധതിവഴിയും ചികിത്സിച്ച രോഗികൾ) ഉൾപ്പെടുന്ന പ്രതിമാസ റിപ്പോർട്ട് അതാത് സ്ഥാപന മേധാവികൾ ജില്ലാ മെഡിക്കലാഫീസർമാർക്ക് നൽകേണ്ടതും അത് ക്രോഡീകരിച്ച് സ്റ്റേറ്റ് നോഡൽ ആഫീസറെ അറിയിക്കേണ്ടതും,

നോഡൽ ആഫീസർ പ്രസ്തുത റിപ്പോർട്ട് സ്റ്റേറ്റ് പ്ലാൻ നോഡൽ ആഫീസറായ ഡോ. കെ. രമാദേവിക്ക് (ടെക്നിക്കൽ അസിസ്റ്റന്റ്) എല്ലാ മാസവും 3-ാം തീയതിക്ക് മുൻപായി നൽകേണ്ടതുമാണ്.

- വാർഷിക പദ്ധതിയുടെ ഒടുവിൽ മാർച്ച് 15 ന് ശേഷം എന്നാൽ മാർച്ച് 31 ന് മുമ്പായി എല്ലാ പദ്ധതികളുടെയും വാർഷിക അവലോകനം (ഇവാല്യുവേഷൻ) നടത്തി റിപ്പോർട്ട് അതാത് ജില്ലാ കൺവീനർമാർ ജില്ലാ മെഡിക്കലാഫീസറെ ഏല്പിക്കേണ്ടതും ജില്ലാ മെഡിക്കലാഫീസർ അത് ഡയറക്ടർക്ക് അയച്ചുതരേണ്ടതുമാണ്.

- ജില്ലയിലെ എല്ലാ ജീവനക്കാരുടെയും പങ്കാളിത്തം പദ്ധതി നടത്തിപ്പിലേക്ക് കഴിവതും ഉറപ്പ് വരുത്തേണ്ടതാണ്.

- പദ്ധതികളിലേയ്ക്ക് താൽക്കാലികമായി നിയോഗിക്കപ്പെട്ടിട്ടുള്ള ജീവനക്കാരെ (ഡി.റ്റി.പി ഓപ്പറേറ്റർ, അറ്റൻഡർ, നേഴ്സ്) ആശുപത്രികളിലെ മറ്റു പ്രവർത്തനങ്ങൾക്ക് നിയോഗിക്കാൻ പാടുള്ളതല്ല
- ഒരു ഡോക്ടറെ ഒന്നിലധികം പ്രത്യേക പദ്ധതികളിൽ ഉൾപ്പെടുത്തരുത്.

- ആഴ്ചയിൽ ഒന്നിലധികം ദിവസം ഡിസ്പെൻസറികളുടെ സേവനം തടസ്സപ്പെടാതിരിക്കാൻ ജില്ലാ മെഡിക്കലാഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

- സീതാലയം, സദ്ഗമയ, ഹോമിയോപ്പതി സ്പെഷ്യാലിറ്റി കെയർ സെന്റർ, ആയുഷ് ഹോളിസ്റ്റിക് സെന്റർ തുടങ്ങിയ പദ്ധതികളിൽ നിയോഗിക്കപ്പെടുന്ന ഹോമിയോ മെഡിക്കലാഫീസറുടെ ഡിസ്പെൻസറികളിൽ വ്യാഴം, ശനി ദിവസങ്ങളിൽ യഥാക്രമം സീതാലയം, സദ്ഗമയ തുടങ്ങിയവയുടെ സേവനം ലഭ്യമാക്കുന്നതിനുള്ള പകരം സംവിധാനം (ഒന്നുകിൽ പ്രസ്തുത ഡിസ്പെൻസറികളിൽ പ്രസ്തുത ദിവസങ്ങളിൽ അടുത്തുള്ള എൻ.ആർ.എച്ച്.എം ഡിസ്പെൻസറിയിൽ നിന്നും ഡോക്ടറെ താലക്കാലികമായി നിയോഗിക്കൽ, അല്ലെങ്കിൽ പ്രസ്തുത ഡിസ്പെൻസറികളിൽ സീതാലയം,

സദ്ഗമയ പദ്ധതികൾക്കായി നീക്കി വെച്ചിട്ടുള്ള വ്യായാമം, ശനി ദിവസങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുക) ഏർപ്പെടുത്തേണ്ടതാണ്.

- ജില്ലകളിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള പ്ലാൻ മോണിറ്ററിംഗ് കമ്മിറ്റി കൂടി ചർച്ച ചെയ്ത്, തന്നിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ഭരണാനുമതി ഉത്തരവും അനുസരിച്ച് പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിനായി കൂടിയ പ്ലാൻ മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിന്റെ നടപടി കുറിപ്പ് (മിനിറ്റ്സ്) ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

- പദ്ധതി നടത്തിപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങളിൽ എന്തെങ്കിലും സംശയം അവശേഷിക്കുന്നുവെങ്കിൽ കൂടുതൽ സ്പഷ്ടീകരണത്തിനായി സ്റ്റേറ്റ് പ്ലാൻ നോഡൽ ആഫീസറായ ഡോ.കെ.രമാദേവി (ടെക്നിക്കൽ അസിസ്റ്റന്റ്) യെ ഫോണിൽ (9605889266) ബന്ധപ്പെടാവുന്നതാണ്.

**ഡോ.കെ.ജമുന**
**ഡയറക്ടർ**

**ഹോമിയോപ്പതി ഡയറ്ടറേറ്റ്**
**തിരുവനന്തപുരം**
**ജൂലൈ 1, 2014**